(ബി) അവസാനമായി നടന്ന മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവരിൽ എൻഡോസൾഫാൻ ദുരിതബാധിതരായി കണക്കാക്കാൻ സാധിക്കാത്തവരും ഗുരുതരമായ രോഗാവസ്ഥയിലുള്ളവരുമായ 128 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഒരു ലക്ഷം രൂപ വീതം ആശ്വാസ ധനമായി നൽകുന്നതിനും ദുരിതബാധിതർക്ക് നൽകുന്ന മാതൃകയിൽ എംപാനൽഡ് ചെയ്ത 18 ആശുപത്രികളിൽ സൗജന്യ ചികിത്സ അനുവദിക്കുന്നതിനും സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതരായി കണക്കാക്കാൻ സാധിക്കാത്ത 18 വയസ്സിൽ താഴെയുള്ള 932 പേർക്ക് ആരോഗ്യകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ നൽകുന്നതിനും സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ട്.

ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്തവരും എന്നാൽ പ്രഥമദൃഷ്ട്യാ ദുരിതബാധിതരെന്ന് കണ്ടെത്തിയവരുമായ രോഗികൾക്ക് എംപാനൽഡ് ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യമായി ഡയാലിസിസ് സൗകര്യം ഒരുക്കുന്നതിനായി കാസർഗോഡ് ജനറൽ ആശുപത്രിയിൽ സജ്ജീകരിച്ച ഡയാലിസിസ് സെന്ററിൽ മറ്റ് രോഗികൾക്കുകൂടി സൗജന്യമായി ഡയാലിസിസ് നൽകി വരുന്നുണ്ട്.

(സി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും പ്രതിമാസ പെൻഷൻ, സൗജന്യ റേഷൻ, ബി.പി.എൽ. റേഷൻ കാർഡ്, എംപാനൽഡ് ചെയ്ത 18 ആശുപത്രികളിൽ സൗജന്യമായി വിദഗ്ധ ചികിത്സ, ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററി തലം വരെ സ്കോളർഷിപ്പ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്തതിൻ പ്രകാരമുള്ള വിഭാഗത്തിൽ ഉൾപ്പെട്ട ദുരിതബാധിതർക്ക് സർക്കാർ ഉത്തരവ് അനുസരിച്ച് നഷ്ടപരിഹാരവും വിതരണം ചെയ്തിട്ടുണ്ട്.

പഴവർഗ്ഗങ്ങളിലെ കീടനാശിനികളുടെ ഉപയോഗം

99 (2650) ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(എ) പച്ച മാങ്ങ കാൽസ്യം കാർബണേറ്റ് ഉപയോഗിച്ച് പഴുപ്പിക്കുന്ന പ്രക്രിയ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവ ഫലപ്രദമായി നേരിടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കൂടുതലായും മാമ്പഴം എത്തിക്കുന്ന തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുമായി ഇവിടുത്തെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ചർച്ച നടത്തിയിട്ടുള്ളതും, ഇത്തരത്തിലുള്ള പരാതികൾ ഒഴിവാക്കുവാൻ വേണ്ട ഫലപ്രദമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. കൂടാതെ, സംസ്ഥാനത്തെ വിപണികളിൽ മാമ്പഴത്തിന്റെ സാമ്പിളുകൾ ശേഖരിച്ച്, കാർഷിക സർവ്വകലാശാലയുടെ സേവനം കൂടി ഉൾപ്പെടുത്തി പരിശോധിക്കുവാനും, കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് കർശന നടപടി സ്വീകരിക്കുവാനും ഇതിനകം എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്.

ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിന് നടപടി

100 (T2651) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതു തടയുന്നതിനും മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ വില്പന നടത്തുന്നതു തടയുന്നതിനുമായി ഏതെല്ലാം നിയമങ്ങളാണു നിലവിലുള്ളത് ;

(ബി) ഭക്ഷ്യവസ്തുക്കൾ മായം ചേർത്തു വിൽക്കുന്നതു തടയുന്നതിനായി എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(സി) 1-7-2011 മുതൽ 31-10-2014 വരെയുള്ള കാലയളവിൽ ഭക്ഷ്യവസ്തുക്കൾ മായം ചേർത്തു വിറ്റതിന് എത്ര കച്ചവടക്കാർക്കെതിരെ കേസ്സെടുത്തുവെന്നും പിഴയിനത്തിൽ എത്ര രൂപ ഈടാക്കിയെന്നുമുള്ളതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു